**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **07-12-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിൽ ജലജീവൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപറമ്പ്, താഴെക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലേക്ക് ഉൽപാദക ഘടകങ്ങൾ പൂർത്തിയാക്കി വിതരണ ശൃംഖല സ്ഥാപിച്ച് 12086 വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി 3 പാക്കേജുകളായി തിരിച്ച് പ്രവൃത്തി നടപ്പിലാക്കി വരുന്നു.<br><br>പാക്കേജ് 1 ന്റെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പാക്കേജ് 2 - എഗ്രിമെൻറ് വച്ച് പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിക്കുന്നു. പാക്കേജ് 3 - എഗ്രിമെൻറ് വച്ച് പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിക്കുന്നു. കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ എന്നീ ഗ്രാമപഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ വിവിധ പാക്കേജുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മേലാറ്റൂർ പഞ്ചായത്തിൽ ടാങ്ക് നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൂലാമന്തോൾ, ഏലംകുളം പഞ്ചായത്തുകളിൽ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ മണ്ഡലത്തിൽ ആകെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകാൻ സാധിക്കുമെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപറമ്പ്, |

| | | | |
|---|---|---|---|
| | | | താഴെക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലേക്ക് ഉൽപാദക ഘടകങ്ങൾ പൂർത്തിയാക്കി വിതരണ ശൃംഖല സ്ഥാപിച്ച് 12086 വീട്ടുകളിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി 3 പാക്കേജുകളായി തിരിച്ച് പ്രവൃത്തി നടപ്പിലാക്കി വരുന്നു.<br>പാക്കേജ് 1 ന്റെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പാക്കേജ് 2 - എഗ്രിമെൻറ് വച്ച് പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിക്കുന്നു. പാക്കേജ് 3 - എഗ്രിമെൻറ് വച്ച് പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിക്കുന്നു. കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ എന്നീ ഗ്രാമപഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ വിവിധ പാക്കേജുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മേലാറ്റൂർ പഞ്ചായത്തിൽ ടാങ്ക് നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൂലാമന്തോൾ, ഏലംകുളം പഞ്ചായത്തുകളിൽ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ മണ്ഡലത്തിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (സി) | ഭരണാനുമതി നൽകിയ കണക്ഷനുകളിൽ 12.50 ശതമാനം കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാവുമെന്ന് വിശദമാക്കുമോ? | (ഡി) | 2024 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | 2020 ഏപ്രിൽ 1 പ്രകാരമുള്ള കണക്ഷനുകൾ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (01.12.2022 വരെ) |
|---|---|---|---|---|---|
| ആലിപ്പറമ്പ് | 8847 | 3623 | 5524 | 4877.33 | 2030 |
| ഏലംകുളം | 5968 | 2285 | 3683 | 1644.00 | 973 |
| മേലാറ്റൂർ | 6394 | 2446 | 3948 | 7613.25 | 0 |
| പുലാമന്തോൾ | 8295 | 2672 | 5332 | 1799.00 | 1006 |
| താഴെക്കോട് | 8850 | 1288 | 7562 | 7228.77 | 221 |
| വെട്ടത്തൂർ | 7749 | 75 | 7674 | 15271.34 | 0 |
| **ആകെ** | **46103** | **12389** | **33723** | **38433.69** | **4230** |